**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** **30-07-2021 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ-ഇരിട്ടി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ-ഇരിട്ടി കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന മട്ടന്നൂർ ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി - ഒന്നാം ഘട്ടത്തിനു 76.6 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 4 പാക്കേജുകളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാക്കേജ്-1 -വെളിയമ്പ്രയിൽ കിണറും പമ്പ് ഹൗസും മറ്റു അനുബന്ധ ഘടകങ്ങളും പൈപ്പ് ലൈനും സ്ഥാപിക്കുന്ന പ്രവർത്തി. പാക്കേജ്-2 -ചാവശ്ശേരി പറമ്പിൽ 42 MLD ജലശുദ്ധീകരണ ശാലയും, 34 ലക്ഷം ലിറ്റർ, 21 ലക്ഷം ലിറ്റർ ടാങ്കുകൾ നിർമ്മിക്കുന്ന പ്രവർത്തി . പാക്കേജ്-3- മട്ടന്നൂർ കൊതേരിയിൽ 15 ലക്ഷം ലിറ്റർ ടാങ്കും അനുബന്ധ പൈപ്പ് ലൈനുകളും സ്ഥാപിക്കുന്ന പ്രവർത്തി, എന്നീ പ്രവർത്തികൾ ഇതിനകം പൂർത്തീയായിട്ടുണ്ട്. പാക്കേജ്-4 ന്റെ ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂളിനു സമീപം 15 ലക്ഷം ലിറ്റർ ഉപരിതല സംഭരണി, മട്ടന്നൂർ മഞ്ചകുന്നിൽ 3 ലക്ഷം ലിറ്റർ ജല സംഭരണി അനുബന്ധ പൈപ്പ് ലൈനുകളും സ്ഥാപിക്കുന്ന പ്രവർത്തി എന്നിവ പുരോഗമിക്കുന്നു. ഈ പ്രവർത്തികൾ കൂടി പൂർത്തീകരിച്ച് മട്ടന്നൂർ ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി - ഒന്നാം ഘട്ടത്തിന്റെ എല്ലാ പ്രവർത്തികളും 2022 മെയ് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ മട്ടന്നൂർ നഗരസഭാതിർത്തിയിൽപ്പെടുന്ന എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | പദ്ധതി പ്രകാരം മട്ടന്നൂർ നഗരസഭയിൽ ഉദ്ദേശം 49,083 ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാൻ സാധിക്കും. മട്ടന്നൂർ ഇരിട്ടി ശുദ്ധജല പദ്ധതിയുടെ രണ്ടാം ഘട്ടമായ വിതരണ ശൃംഖലക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ